കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ)
നിയമസഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്, എറണാകുളം, കൊച്ചി – 682 031, ഫോൺ : 0484 2396717
Website : www.kelsa.nic.in E-mail : kelsakerala@gmail.com

# അറസ്റ്റ്

ദൈനംദിനം കേട്ടും കണ്ടും പരിചയിച്ച ഒരു പദമാണ് അറസ്റ്റ്. പോലീസിനുപോലും പലപ്പോഴും നിയമവിധേയമായ അറസ്റ്റിനുശേഷമുള്ള നടപടികൾ ശരിയായ വിധത്തിൽ അറിയില്ല എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അറസ്റ്റ് എന്നാൽ കൈവിലങ്ങണിയിക്കൽ എന്നല്ല അർത്ഥം. അറസ്റ്റ് ചെയ്യപ്പെടേണ്ടയാളിന്റെ ദേഹത്ത് സ്പർശിച്ച് 'താങ്കൾ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു'എന്ന് അറസ്റ്റു ചെയ്യുന്ന പോലീസുദ്യോഗസ്ഥൻ പറഞ്ഞാൽ അത് നിയമാനുസൃതമായ അറസ്റ്റാണ്. അറസ്റ്റ് ചെയ്യപ്പെട്ടയാൾ ഓടി രക്ഷപ്പെടുവാൻ സാധ്യതയുണ്ടെങ്കിലോ മറ്റു സുരക്ഷാ കാരണങ്ങളാലോ മാത്രമേ കൈവിലങ്ങ് അണിയിക്കാൻ പാടുള്ളൂ. അറസ്റ്റും കസ്റ്റഡിയും തെറ്റിദ്ധരിപ്പിക്കാവുന്ന സമാനതകളുള്ള പദങ്ങളാണ്.

അറസ്റ്റിനുള്ള അധികാരം നൽകിയിരിക്കുന്നത് ക്രിമിനൽ നടപടി നിയമത്തിലാണ്. ക്രിമിനൽ നടപടി നിയമം അഞ്ചാം അദ്ധ്യായത്തിൽ 41 മുതൽ അറുപതു വരെയുള്ള വകുപ്പുകൾ അറസ്റ്റിനെപ്പറ്റി പ്രതിപാദിക്കുന്നു. പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യാവുന്ന വിധത്തിലുള്ള കുറ്റം ചെയ്ത ഒരാളെയോ, അപ്രകാരമുള്ള കുറ്റം ചെയ്തിരിക്കാനിടയുണ്ടെന്ന് ന്യായമായി സംശയിക്കാവുന്ന ഒരാളെയോ പോലീസുദ്യോഗസ്ഥന് അറസ്റ്റ് ചെയ്യാവുന്നതാണെന്നും അതിനു കോടതിയുടെ വാറണ്ടിന്റെ ആവശ്യമില്ലെന്നും ക്രിമനൽ. നടപടി നിയമത്തിലെ 41- വകുപ്പിൽ പറയുന്നു. അതുപോലെ തന്നെ ഭവനഭേദനത്തിന് ഉപയോഗിക്കാവുന്ന ആയുധ സാമഗ്രികൾ കൈവശത്തിൽ കാണപ്പെടുന്ന ഒരാളെയും സ്ഥിരം കുറ്റവാളിയായ ഒരാളെയും കോടതിയുടെ വാറണ്ടു കൂടാതെ തന്നെ പോലീസിന് അറസ്റ്റു ചെയ്യാവുന്നതാണ്. സായുധസേനയിൽ നിന്ന് ഒളിച്ചുപോന്ന ഒരാളെയും, കവർച്ച മുതൽ കൈവശം സൂക്ഷിച്ചിരിക്കുന്ന ആളെയും അറസ്റ്റ് ചെയ്യുന്നതിന് വാറണ്ടിന്റെ ആവശ്യമില്ല. ഒരു പോലീസുദ്യോഗസ്ഥൻ ഡ്യൂട്ടിയിലാണെങ്കിൽ അയാൾ നിയമാനുസൃതമായി പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവിനെയും അനുസരിക്കാതെ ഇരിക്കുന്നവരെയോ, ധിക്കരിക്കുന്നവരെയോ അറസ്റ്റ് ചെയ്യാവുന്നതാണ് എന്ന് ക്രിമിനൽ നടപടി നിയമത്തിലും പോലീസ് ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുണ്ട് .

സ്ഥിരം കുറ്റവാളിയായ ഒരാളെ പോലീസ് ഉദ്യോഗസ്ഥന് വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യുകയോ, അയാളെ അറസ്റ്റ് ചെയ്യുന്നതിന് സാധാരണക്കാരനായ പൗരനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. ഡ്യൂട്ടിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ, സംശയാസ്പദമായി കാണപ്പെടുന്ന ഒരാളോട് പേരും മേൽവിലാസവും ആവശ്യപ്പെട്ടാൽ, അത് തെറ്റായി പറയുകയോ, പറയാൻ വിമുഖത കാട്ടുകയോ ചെയ്താൽ അയാളെ പോലീസ് ഉദ്യോഗസ്ഥന് അറസ്റ്റ് ചെയ്യാവുന്നതാണ്. ശരിയായ വിവരങ്ങൾ 24 മണിക്കൂറിനകം കിട്ടുന്നില്ലയെങ്കിൽ കൂടി അയാളെ 24 മണിക്കൂറിനകം മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

# കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ.സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ : 0471 - 2467700

**തൃശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ ,
എ.ഡി.ആർ .സെന്റർ, അയ്യന്തോൾ, തൃശൂർ
ഫോൺ : 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കൊല്ലം
ഫോൺ : 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പാലക്കാട്,
ഫോൺ : 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പത്തനംതിട്ട
ഫോൺ : 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, മഞ്ചേരി,
മലപ്പുറം, ഫോൺ : 04832 - 762220

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി, A.D.R. സെന്റർ
മലങ്കര ക്വാർട്ടേഴ്സിന് സമീപം
മുട്ടമ്പലം പി.ഓ, കോട്ടയം,
ഫോൺ : 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കോഴിക്കോട്,
ഫോൺ : 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, ആലപ്പുഴ
ഫോൺ : 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്
ഫോൺ : 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ ,ഇടുക്കി
ഫോൺ : 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, തലശ്ശേരി,
കണ്ണൂർ, ഫോൺ : 0490 - 2344666

**എറണാകുളം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം,
എ .ഡി.ആർ .സെന്റർ, കലൂർ, എറണാകുളം,
ഫോൺ : 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ : 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം) : 0484 – 2396817**
**കെൽസ ഹെൽപ് ലൈൻ : 9846700100 ( 24 മണിക്കൂർ)**
**1516 (ഓഫീസ് സമയങ്ങളിൽ)**